പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 34 12.06.2012-ൽ മറുപടിക്ക്.

കൊച്ചി മെട്രോ റെയിൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.എ. മാധവൻ:<br>ശ്രീ.ബെന്നി ബെഹനാൻ:<br>ശ്രീ.പി.സി. വിഷ്ണുനാഥ്:<br>ശ്രീ.വി.റ്റി. ബൽറാം: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | കൊച്ചി മെട്രോ റെയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | കൊച്ചി മെട്രോ റെയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ അന്തിമ ഘട്ടത്തിലാണ്. കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം കൂടി ഇനി ലഭിക്കുവാനുണ്ട്. |
| (ബി) | ഇതിനായി കേന്ദ്ര ഗവൺമെന്റിന്റെ പി.ഐ.ബി യുടെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. പദ്ധതി പൊതു നിക്ഷേപക ബോർഡ് 22.3.2012 ലെ യോഗത്തിൽ അംഗീകരിച്ചു. |
| (സി) | പ്രസ്തുത പദ്ധതിക്കായി കേന്ദ്ര - സംസ്ഥാന ബഡ്ജറ്റുകളിൽ എന്തു വിഹിതം നീക്കി വച്ചിട്ടുണ്ട്; | (സി) | 2012-13 സാമ്പത്തിക വർഷത്തേയ്ക്ക് കേന്ദ്ര ബഡ്ജറ്റിൽ കൊച്ചി മെട്രോ റെയിലിനു വേണ്ടി 30 കോടി രൂപയും സംസ്ഥാന ബഡ്ജറ്റിൽ 150 കോടി രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ജെ.ഐ.സി.എ. യിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള നടപടികൾ എവിടെവരെയായി എന്നും വായ്പയുടെ കാലാവധി എത്രയാണെന്നും വ്യക്തമാക്കുമോ? | (ഡി) | 22.3.2012 ലെ യോഗത്തിൽ പൊതു നിക്ഷേപക ബോർഡ് പദ്ധതി ജെ.ഐ.സി.എ. യ്ക്ക് സമർപ്പിക്കാവുന്നതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ജെ.ഐ.സി.എ. സഹായത്തിനായി പദ്ധതി സമർപ്പിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. വായ്പയുടെ കാലാവധി 30 വർഷം ആണ്. |

സെക്ഷൻ ഓഫീസർ